SUNDAY 11/01/2026 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS)11/01/2026

1. പി ഡി എം സി – 'പെർ ഡ്രോപ്പ് മോർ ക്രോപ്പ്' പദ്ധതിക്ക് ഏകീകൃത ഡിജിറ്റൽ പോർട്ടൽ നിലവിൽ വന്നു. കർഷകർ സ്വന്തമായോ, അക്ഷയകേന്ദ്രങ്ങൾ വഴിയോ https://pdmc.da.gov.in/KeralaMIS എന്ന വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ പരിഗണിക്കപ്പെടുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതരത്തിലാണ് പോർട്ടൽ സജ്ജീകരിച്ചിരിക്കുന്നത്. അപേക്ഷയ്ക്കായി ആധാർ കാർഡ്, ഭൂഉടമസ്ഥത തെളിയിക്കുന്ന രേഖകൾ, ബാങ്ക് വിവരങ്ങൾ എന്നിവയാണ് ആവശ്യമായരേഖകൾ. ഈ വർഷം ഓൺലൈനിനൊപ്പം കൃഷി എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുള്ള നിശ്ചിത ഫോർമാറ്റിൽ ഓഫ് ലൈൻ അപേക്ഷകളും സ്വീകരിക്കുന്നതാണ്. ചെറുകിട, നാമമാത്രകർഷകർക്ക്ചെലവിന്റെ 55 ശതമാനം, മറ്റ്കർഷകർക്ക് 45 ശതമാനം സബ്സിഡി ലഭിക്കും. Forest Reserve Act (FRA) പട്ടികയിൽ ഉൾപ്പെട്ട കർഷകർക്ക് 90 ശതമാനം വരെ ആനുകൂല്യം ലഭ്യമാണ്. തെങ്ങ്കൃഷിചെയ്യുന്നകർഷകർക്ക് 30

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ശതമാനം അധിക സബ്സിഡി ലഭിക്കും. കൂടാതെ ബോർവെൽ, പമ്പ്സെറ്റ്, മഴവെള്ള സംഭരണി തുടങ്ങിയ ഘടകങ്ങൾക്കും സഹായം അനുവദിക്കും. അപേക്ഷ സമർപ്പിക്കുന്നതു മുതൽ സബ്സിഡി തുക ആധാർ ലിങ്ക് ചെയ്ത ബാങ്ക് അക്കൗണ്ടിൽ എത്തുന്നതുവരെ ഉള്ള എല്ലാ ഘട്ടങ്ങളുടെയും വിവരങ്ങൾ പോർട്ടൽ മുഖേന തത്സമയം അറിയാം.

2. കേരള സംസ്ഥാന ക്ഷീര സംഗമം “പടവ് 2026“ കൊല്ലം ജില്ലയിലെ ആശ്രാമം മൈതാനത്തുവെച്ച് 2026 ജനുവരി 18 മുതൽ 22 വരെ "കേരള ഡയറി എക്സ്പോ" സംഘടിപ്പിക്കുന്നു. ഈ വർഷത്തെ എക്സ്പോയിൽ ക്ഷീരോൽപ്പാദനം, സംസ്കരണ സാങ്കേതികവിദ്യകൾ, പാക്കേജിംഗ് സൊല്യൂഷൻസ്, ഗുണനിലവാര മാനേജ്മെന്റ് സിസ്റ്റംസ്, മൃഗസംരക്ഷണം, ആരോഗ്യ മാനേജ്മെന്റ്, യന്ത്രവൽക്കരണം, ക്ഷീരകർഷക പ്രവർത്തനങ്ങളിലെ ഓട്ടോമേഷൻ എന്നിവയെ പ്രതിനിധീകരിക്കുന്ന വിപുലമായ ഒരു പ്രദർശനം ഉണ്ടായിരിക്കുന്നതാണ് .

3. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനക്കുള്ള ബി. വി. 380 കോഴികുഞ്ഞുങ്ങൾ 175/- രൂപ നിരക്കിൽ ബുക്കിങ്ങ് ആരംഭിച്ചു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9400483754 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയങ്ങളിൽ ബുക്ക് ചെയ്യേണ്ടതാണ്.

## പരിശീലന പരിപാടി

4. വെള്ളാനിക്കരയിലെ കാർഷിക കോളേജിലെ കാർഷിക സ്ഥിതിവിവരക്കണക്ക് വകുപ്പുമായി സഹകരിച്ച് കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള സെന്റർ ഫോർ ഇ-ലേണിംഗ് (സിഇഎൽ) 'അഡ്വാൻസ്ഡ് ഡാറ്റ അനാലിസിസ് യൂസിംഗ് ആർ' എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 2026 ജനുവരി 19 മുതൽ 23 വരെ ഉച്ചയ്ക്ക് 2 മുതൽ 5 വരെയാണ് പരിപാടി. രജിസ്ട്രേഷനുള്ള അവസാന തീയതി 2026 ജനുവരി 16 ആണ്. പരിശീലന ഫീസ് 1000 /- രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487 2438565, 8547837256, 9495943875 വെബ്സൈറ്റ് www.celkau.in ഈ മെയിൽ cel@kau.in

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ .ആർ.റ്റി.) ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം; റബ്ബർകോമ്പൗണ്ടിങ്; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ജനുവരി 19 മുതൽ 23 വരെ നടത്തും. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9497487209, 04812353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം